




# 2021-22 എഡ്യൂകെയർ



# പ്രവർത്തന റിപ്പോർട്ട്

## "മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല ദൈവത്തിന്റെ ദയയാണ് എല്ലാറ്റിനും അടിസ്ഥാനം " ബൈബിൾ

🔸 ജൂൺ മാസത്തിൽ കുട്ടികൾക്കായുള്ള പഠന പ്രവർത്തനങ്ങൾ ആരംഭിച്ചു.

🔷 കൃത്യമായ ടൈം ടേബിൾ അനുസൃതമായ ഓൺലൈൻ ക്ലാസുകൾ ആണ് ആദ്യം നടന്നത്.

🔶 കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വൈകുന്നേരങ്ങളിൽ ഓൺലൈനായി സ്പെഷ്യൽ ക്ലാസ്സുകൾ കൊടുത്തു.

🔷 പത്തിലെ എല്ലാ കുട്ടികളുടെയും വീടുകൾ ടീച്ചേഴ്സ് സന്ദർശിച്ചു.



🔶 പഠനത്തിൽ പലവിധത്തിലുള്ള  പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് ടീച്ചേഴ്സിനെ നേരിട്ട് കാണുവാനും, സംശയ നിവാരണം നടത്തുവാനും ഉള്ള അവസരങ്ങൾ ഈ ഗൃഹസന്ദർശനം വഴി  ഓരോ കുട്ടികൾക്കും ലഭിച്ചിട്ടുണ്ട്.

🔷 പഠനപ്രവർത്തനങ്ങൾ കൃത്യമായ രീതിയിൽ കുട്ടികളിലേക്ക് ഗൂഗിൾ ക്ലാസ്സ് റൂം വഴി എത്തിച്ചു.

🔸 ഓൺലൈനായി മോട്ടിവേഷന്റെ 2 ക്ലാസുകൾ മൂന്ന് ഗ്രൂപ്പുകളായി കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും നൽകി .

🔷25/11/2021ന് രണ്ട സെഷനുകളിലായി കുട്ടികൾക്ക് നേരിട്ട് മോട്ടിവേഷൻ ക്ലാസുകൾ നൽകി.

🔶 സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ യുടെ സഹായത്തോടെ പഠന പിന്തുണ സഹായം ആവശ്യമുള്ള കുട്ടികൾക്ക് പിന്തുണ സഹായം നൽകി.

🔷 ഓൺലൈൻ പഠനത്തിന് ഫോൺ  ലഭ്യമല്ലാതിരുന്ന എല്ലാ കുട്ടികൾക്കും ടീച്ചേഴ്സിന്റെ സഹായത്തോടെ ഫോൺ ലഭ്യമാക്കി.

🔷കുട്ടികളും അധ്യാപകരും ഒപ്പം രക്ഷിതാക്കളും ഒത്തുചേർന്ന പ്രവർത്തനമായിരുന്നുകഴിഞ്ഞവർഷത്തെ മികവിന്റെ അടിസ്ഥാനം.ഈ കൂട്ടായ പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തിക്കാൻ  കഴിഞ്ഞു എന്നതിൽ നമുക്ക് ഒരുപോലെ അഭിമാനിക്കാം. എഡ്യൂകെയർ പ്രവർത്തനങ്ങൾ യഥാസമയം എല്ലാവരിലേക്കും എത്തിക്കാൻ  കഴിഞ്ഞത്



'എഡ്യൂന്യൂസ്' എന്ന വാർത്ത ചാനലിലൂടെ ആയിരുന്നു. ടീം എഡ്യൂക്കയറിന്റെ തനത് പ്രവർത്തനം.. ദൃശ്യമാധ്യമങ്ങളെ വെല്ലുവിളിക്കുന്ന രീതിയിൽ തന്മയത്വത്തോടെ വാർത്തകൾ അവതരിപ്പിക്കാൻ കഴിയുന്ന നല്ലൊരുപറ്റം വിദ്യാർത്ഥികൾ നമ്മുടെ സ്ഥാപനത്തിന് കൈമുതലായിട്ടുണ്ട് എന്ന കാര്യം സമൂഹത്തെ ബോധ്യപ്പെടുത്താനും നമുക്ക് കഴിഞ്ഞു. ജില്ലയിലെ മറ്റ് വിദ്യാലയങ്ങൾക്ക് മുമ്പിൽ നമ്മുടെ മികവ് തെളിയിക്കുന്ന തനത് പ്രവർത്തനമായിരുന്നു എഡ്യൂ ന്യൂസ്
ഓൺലൈൻ പഠനകാലത്ത് ഒരാഴ്ചയിൽ **2** ന്യൂസ് എന്ന ക്രമത്തിൽ തിങ്കൾ, വെള്ളി ദിവസങ്ങളായി എഡ്യൂ ന്യൂസ് ഇറങ്ങി.
ഓരോ ആഴ്ചയിലും ചെയ്യുന്ന കാര്യങ്ങൾ, കുട്ടികൾ അറിയേണ്ട കാര്യങ്ങൾ, കുട്ടികളുടെ വിവിധ തരത്തിലുള്ള നൈപുണികൾ എന്നിവ ഉൾക്കൊണ്ടുകൊണ്ട് കുട്ടികൾ തന്നെ എഡിറ്റിങ്ങും, റീഡിങ്ങും നടത്തുന്ന രീതിയിൽ ആണ്. ന്യൂസ് ഇറങ്ങിയത്

🔷 കുട്ടികളുടെ ഓൺലൈൻ പഠനത്തിന്റെ സുഗമമായ വിലയിരുത്തലിനായി പത്ത് ഡിവിഷനും കുട്ടികളുടെ പേരടങ്ങുന്ന അറ്റൻഡൻസ് ഷീറ്റും, വിലയിരുത്തൽ ഫോർമാറ്റും ഓരോ ടീച്ചേഴ്സിനും ലഭ്യമാക്കി

🔷 രക്ഷകർത്താക്കളെ ചെറിയ യൂണിറ്റുകളായി സ്കൂളിൽ എത്തിച്ച് അവർ വഴി കുട്ടികളുടെ എല്ലാ നോട്ട്ബുക്കുകളും ടീച്ചേഴ്സ് നോക്കി നൽകി.



🔶COMPERIO-- ഓറിയന്റേഷൻ പ്രോഗ്രാം നടത്തി (CPTA)

*🔮ഡിസംബർ മാസത്തിൽ  ഓഫ്‌ലൈൻ ക്ലാസ് തുടങ്ങി.

🔮യൂണിറ്റ് ടെസ്റ്റുകൾ നടത്തി.

🔮 ജനുവരി ആദ്യ ആഴ്ചയിൽ അതുവരെയും പഠിപ്പിച്ച എല്ലാ പാഠങ്ങളുടെയും ഉൾപ്പെടുത്തി ഒരു ടെസ്റ്റ് പേപ്പർ നടത്തി. പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുകയും ഡിവിഷൻ അടിസ്ഥാനത്തിൽ കുട്ടികളുടെ രക്ഷകർത്താക്കളുമായി ടീച്ചേഴ്സ്,തുടർ പഠന പ്രവർത്തനങ്ങളും പഠന പുരോഗതിയും എന്ന വിഷയത്തിൽ സംവാദം നടത്തുകയും ചെയ്തു.
🔮പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക് സ്പെഷ്യൽ കെയർ കൊടുക്കുകയും ചെയ്തു.
🔮സായാഹ്ന ക്ലാസുകൾ നടത്തി.
🔮കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുമിച്ച് ക്ലാസ്സുകൾ കൊടുത്തു. (എൻപവർ മെന്റ് പ്രോഗ്രാം)
🔮A+, avarage, കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നൽകി. പുറമേനിന്നുള്ള ഫാക്കൽട്ടിസിനെ ഉപയോഗപ്പെടുത്തി.
🔮അധ്യാപകർ വിദ്യാർഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് അർഹതപ്പെട്ടവർക്ക് പ്രത്യേക ക്ലാസുകൾ കൊടുത്തു.



🔮 പിടിഎ പ്രസിഡന്റിനെയും,പത്താം ക്ലാസിലെ ആറ് ഡിവിഷനിലെ രക്ഷകർത്താക്കളേയ്യും ചേർത്ത്(ഒരു കോർ ഗ്രൂപ്പിനെ ഉൾപ്പെടുത്തിക്കൊണ്ട്) എഡ്യൂകെയർ പിടിഎ കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ പൂർണ്ണ പിന്തുണ എല്ലാ പഠന പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തുകയും ചെയ്തു.

🌹99.58% വിജയം നേടുവാൻ നമ്മൾക്ക് കഴിഞ്ഞു.41 ഫുൾ എ പ്ലസും 21- 9 എ പ്ലസും നേടി 236 കുട്ടികൾ അഭിമാനാർഹമായ വിജയം കൈവരിച്ചു.

🌹 🌹 കൊറോണയുടെ അടച്ചിടൽ കാലത്തെ ഓൺലൈൻ പഠനം മുതൽ നവംബർ മാസം തുടങ്ങിയ ഓഫ്ലൈൻ പഠനം വരെ കടന്നുപോയ വഴിത്താരകളിൽ എല്ലാം കഠിനപ്രയത്നത്തിലൂടെ, താങ്ങാവുന്നതിലൂടെ, പ്രാർത്ഥനയിലൂടെ, വൈകുന്നേരങ്ങളിൽ നടക്കുന്ന ക്ലാസ്സുകൾക്ക് കാവൽലാകുന്നതിലൂടെ, കരുതലിന്റെ ചായയും കടിയും ആയി ആളുന്ന വയറിന്റെ വിശപ്പും, അറിവിന്റെ പശിമയും അറിഞ്ഞ് അറിവ് പകരുന്നതിലൂടെ, അവസാനത്തെ ആളും ആരവും ഒഴിയുന്നതുവരെ കണ്ണിമചിമ്മാതെ കാവലിരിക്കുന്നതിലൂടെ......77 വർഷത്തെ സെന്റ് മേരിസ് പെരുമയും , പഴമയും പ്രൗഢിയും വിളിച്ചോതുന്ന.... ...ആ എന്ന അക്ഷരം മുതൽ അറിവിന്റെ വിജയ കവാടം വരെ **2021-22 SSLC** ബാച്ചിനെ കൈപിടിച്ച നടത്തിയ **HM** ഷൈലജ ടീച്ചർക്കും,പ്രിയ ഗുരുഭൂതർക്കും,മാനേജ്മെന്റിനും

നോൺ ടീച്ചിംഗ് സ്റ്റാഫിനും **PTA** ക്കും സർവ്വോപരി ഈശ്വരനും

*2021-22* ടീം എഡ്യൂകെയറിന്റെ ആദരം നന്ദി




Team 2021 - 2022
Thank you...